‘ ഭരണഭാഷ മാതൃഭാഷ’

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ : keralatribes@gmail.com**

നമ്പർ: **STDD/1500/2026-C3** തീയതി :**16-06-2026**

## വിജ്ഞാപനം

**പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഗോത്ര ബന്ധു പദ്ധതിയുടെ ഭാഗമായി മെൻ്റർ ടീച്ചർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.**

പ്രൈമറി ക്ലാസ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, വിദ്യാഭ്യാസ പുരോഗതി, ഭാഷ പ്രശ്നങ്ങൾ പരിഹരിക്കുക എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ പട്ടിക വർഗ്ഗ ഭൂരിപക്ഷ മേഖലകളിലെ സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ 'ഗോത്ര ബന്ധു' പദ്ധതിയിൽ ഉൾപ്പെടുത്തി **2026-27** വർഷത്തേക്ക് മെൻ്റർ ടീച്ചർമാരെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു.

### 1. ഒഴിവുകളുടെ എണ്ണം

| ക്ര.നം. | ജില്ല/പ്രദേശം | ഒഴിവുകൾ | പ്രദേശത്തെ മുഖ്യ പിന്നോക്ക പട്ടികവർഗ്ഗ വിഭാഗങ്ങൾ |
|---|---|---|---|
| 1 | വയനാട് | 241 | അടിയ, പണിയ, ഊരാളി, കാട്ടുനായ്ക്കർ |
| 2 | പാലക്കാട് (അട്ടപ്പാടി ബ്ലോക്ക്) | 26 | കുറുമ്പർ,ഇരുളർ, മുഡുഗർ |
| 3 | പാലക്കാട് (അട്ടപ്പാടി ഒഴികെ) | 30 | കുറുമ്പർ, കാട്ടുനായ്ക്കർ, പണിയ, കാടർ, ഇരുളർ, മുഡുഗർ,ഇരവാലൻ |
| 4 | മലപ്പുറം | 29 | ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, പണിയ |
| | ആകെ | 326 | |

**ശ്രദ്ധിക്കുക:** ഒഴിവുകൾ സ്കൂൾ അടിസ്ഥാനത്തിലുള്ളതാണ്. മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൂടുതൽ പഠിക്കുന്ന സ്കൂളുകളിലായിരിക്കും ഓരോ അധ്യയന വർഷവും നിയമനം നടത്തുക.

### 2. നിയമനത്തിൻ്റെ സ്വഭാവവും വേതനവും

- നിയമനം തികച്ചും താൽക്കാലികമാണ്, **2026-27** അധ്യയന വർഷത്തേക്ക് മാത്രമായിരിക്കും.
- നിയമനം നടത്തുന്ന സ്കൂളിൽ **1** മുതൽ **4** വരെ ക്ലാസ്സുകളിൽ പഠനം നടത്തുന്ന കുട്ടികളിൽ ഏത് വിഭാഗത്തിലുള്ള കുട്ടികളാണോ കൂടുതലായിട്ടുള്ളത് ടി വിഭാഗത്തിലുള്ളയാളെ തന്നെയായിരിക്കണം മെൻ്റർ ടീച്ചറായി നിയമിക്കേണ്ടത്.
- തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം **21,900/-** രൂപ മാത്രം കൺസോളിഡേറ്റഡ് പേ ഇനത്തിൽ അർഹത ഉണ്ടായിരിക്കുന്നതാണ്.
- ഈ നിയമനം സ്ഥിര നിയമനത്തിനോ സർക്കാർ സർവീസിൽ തുടരുന്നതിനോ യാതൊരു അവകാശവും നൽകുന്നില്ല.

- പ്രായ പരിധി: **01/01/2026** ൽ **18** വയസ്സ് പൂർത്തിയാകുകയും **45** വയസ്സിൽ അധികരിക്കുവാനും പാടില്ല.
- നിയമന കാലാവധി: **2027** മാർച്ച് **31** വരെ.

**3. യോഗ്യതാ മാനദണ്ഡങ്ങൾ**

1.സമുദായം: ഉദ്യോഗാർത്ഥി സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മുഖ്യ പിന്നോക്ക പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. പണിയ, അടിയ, ഊരാളി, ഇരുളർ, മുഡുഗർ, വിഭാഗങ്ങൾക്കും പ്രത്യേകം ദുർബല വിഭാഗങ്ങൾക്കും (**PVTG**) മുൻഗണന നൽകും. യോഗ്യരായവർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങളെ പരിഗണിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥിക്ക് സ്കൂളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷ, ജീവിതസാഹചര്യങ്ങൾ, സംസ്കാരം എന്നിവയിൽ അറിവ് ഉണ്ടായിരിക്കണം.

2.വിദ്യാഭ്യാസ യോഗ്യത: **TTC/D.Ed.** യോഗ്യതയുള്ളവർക്ക് മുൻഗണന. യോഗ്യരായവർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, **D.Ed.** കോഴ്സ് പൂർത്തിയാക്കിയവർ, **B.Ed.** യോഗ്യതയുള്ളവർ, **MGLC**-കളിൽ അധ്യാപന പരിചയമുള്ളവർ, പ്ലസ് ടു പാസായവർ എന്നിവരെ പരിഗണിക്കാവുന്നതാണ്.

3.അധിക യോഗ്യതകൾ: തനത് ഭാഷ, സംസ്കാരം, കലാരൂപങ്ങൾ എന്നിവയിലുള്ള പ്രാവീണ്യം അധിക യോഗ്യതയായി കണക്കാക്കും. സാക്ഷരതാ പരിപാടികൾ/സർവേകൾ എന്നിവയിലുള്ള പരിചയവും പരിഗണിക്കും.

4.താമസം: ഉദ്യോഗാർത്ഥി സ്കൂൾ സ്ഥിതി ചെയ്യുന്ന ഊരിലെ/പ്രദേശത്തെ അല്ലെങ്കിൽ അടുത്തുള്ള ഊരിലെ താമസക്കാരായിരിക്കണം.

**4. തിരഞ്ഞെടുപ്പ് രീതി**

- യോഗ്യരായ ഉദ്യോഗാർത്ഥികളെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന മത്സര പരീക്ഷയും അഭിമുഖത്തിൻ്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതായിരിക്കും.
- എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ അഭിമുഖത്തിന് അർഹത നേടുന്ന ഉദ്യോഗാർഥികളുടെ അന്തിമ റാങ്ക് ലിസ്റ്റ് അംഗീകരിക്കുന്നതിനും, അഭിമുഖം നടത്തി യോഗ്യരായ മെൻ്റർ ടീച്ചർമാരെ തെരഞ്ഞെടുക്കുന്നതിനും താഴെ പറയും പ്രകാരം ജില്ല സമിതി രൂപീകരിക്കുന്നു:
- **(i)** ജില്ലാ കളക്ടർ (ചെയർമാൻ); **(ii)** പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെൻ്റ് ഓഫീസർ; **(iii)** ഡയറ്റ് (**DIET**) പ്രിൻസിപ്പൽ; **(iv)** വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ.
- ഓരോ സ്കൂളിലും ഏത് വിഭാഗത്തിൽപ്പെട്ട കുട്ടികളോ ആണോ കൂടുതൽ ഉള്ളത് അതേ വിഭാഗത്തിൽപ്പെട്ട മെൻ്റർ ടീച്ചർമാരെ ആയിരിക്കും നിയമിക്കുന്നത്.
- ജില്ലയിൽ ഓരോ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ആവശ്യമുള്ള മെൻ്റർ ടീച്ചർമാരുടെ എണ്ണം അനുസരിച്ച് എഴുത്ത് പരീക്ഷയിൽ ഓരോ വിഭാഗത്തിനും കട്ട് ഓഫ് മാർക്കും, പ്രത്യേക റാങ്ക് ലിസ്റ്റ് ഉണ്ടായിരിക്കുന്നതാണ്.
- ഇപ്രകാരം തയ്യാറാക്കിയ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിലും നിയമിക്കേണ്ട മെൻ്റർ ടീച്ചർമാരുടെ പട്ടിക പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെൻ്റ് ഓഫീസർമാർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുകയും, റാങ്ക് പട്ടികയിൽ നിന്ന് സ്കൂളുകളിലേക്ക് മെൻ്റർ ടീച്ചർമാരെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിയമിക്കുന്നതാണ്.

**5. അപേക്ഷിക്കേണ്ട വിധം**

ഒരാൾ ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുവാൻ പാടില്ല. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ, പ്രായം, സമുദായം, വിദ്യാഭ്യാസ യോഗ്യത, പരിചയം എന്നിവ

തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **23/06/2026** വൈകുന്നേരം **5.00** മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രോജക്ട് ഓഫീസറുടെയോ/ട്രൈബൽ ഡെവലപ്മെൻ്റ് ഓഫീസറുടെയോ ഓഫീസിൽ സമർപ്പിക്കണം. അഭിമുഖത്തിന്റെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ് .

**6. പൊതുവായ നിർദ്ദേശങ്ങൾ**

- മെൻ്റർ ടീച്ചർമാരുടെ ചുമതലകളും, പരീക്ഷ സിലബസും വകുപ്പിൻറെ വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.
- ഓരോ ജില്ലയിലും നിയമിക്കാവുന്ന മെൻ്റർ ടീച്ചർമാരുടെ കരട് പട്ടിക അനുബന്ധത്തിലും, വകുപ്പിൻറെ വെബ്സൈറ്റിലും ലഭിക്കുന്നതാണ്. (**NB** : കൂടാതെ ജില്ലകളിലെ കുട്ടികളുടെ എണ്ണം അനുസരിച്ച് കരട് പട്ടികയിലെ മെൻ്റർ ടീച്ചർമാരുടെ എണ്ണത്തിലും മാറ്റം വരാവുന്നതാണ്).
- കുട്ടികളുടെ എണ്ണം അനുസരിച്ച് ആവശ്യമെങ്കിൽ ഒരു മെൻ്റർ ടീച്ചറെ ഒന്നിലധികം സ്കൂളുകളിലേക്ക് നിയോഗിക്കാവുന്നതാണ്.
- പരീക്ഷ തീയതി: **05.07.2026.**

കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലകളിലെ പ്രോജക്ട് ആഫീസർ / ട്രൈബൽ ഡെവലെപ്മെൻ്റ് ആഫീസ് / ട്രൈബൽ എക്സ്റ്റെൻഷൻ ആഫീസിലോ ബന്ധപ്പെടാവുന്നതാണ്.
ഫോൺ : **0471-2304594/ 2303229**

വിശ്വസ്തതയോടെ,

**Dr. Mithun Premraj IAS**

**DIRECTOR**

പകർപ്പ്:

1. ബന്ധപ്പെട്ട പ്രൊജക്ട് ആഫീസർ/ട്രൈബൽ ഡെവലെപ്മെൻ്റ് ആഫീസർ (വ്യാപക പ്രചാരണം നൽകി അപേക്ഷകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി)
2. നോട്ടീസ് ബോർഡ്.

# അപേക്ഷാ ഫോറം

## പട്ടികവർഗ്ഗ വികസന വകുപ്പ്

## ഗോത്ര ബന്ധു പദ്ധതി - മെന്റർ ടീച്ചർ നിയമനം (2026-27)

| | |
|---|---|
| **അപേക്ഷകന്റെ/അപേക്ഷകയുടെ പേര്** | |
| **ജനനത്തീയതി** | |
| **01/01/2026-ൽ ഉള്ള വയസ്സ് (18 നും 45 നും ഇടയിൽ ആയിരിക്കണം)** | |
| **ലിംഗം (സ്ത്രീ/പുരുഷൻ/മറ്റുള്ളവ)** | |
| **സമുദായം** | |
| **ഉന്നതിയുടെ പേര്** | |
| **പൂർണ്ണമായ മേൽവിലാസം (പിൻകോഡ്, സഹിതം)** | |
| **അപേക്ഷിക്കുന്ന ജില്ല (വയനാട് / പാലക്കാട് / മലപ്പുറം)** | |
| **പഞ്ചായത്ത്** | |

**വിദ്യാഭ്യാസ യോഗ്യതകൾ**

*(യോഗ്യതയുടെ നേരെ ടിക് (✓ ) മാർക്ക് രേഖപ്പെടുത്തുക)*

| **യോഗ്യത** | **ടിക് (✓ )** | **വിജയ ശതമാനം** |
|---|---|---|
| **TTC / D.Ed** പാസായവർ | ☐ | |
| **B.Ed** യോഗ്യതയുള്ളവർ | ☐ | |
| പ്ലസ് ടു **(Plus Two)** പാസായവർ | ☐ | |
| **D.Ed** കോഴ്സ് പൂർത്തിയാക്കിയവർ | ☐ | ---------------------------------- |

| | |
|---|---|
| **അധിക വിദ്യാഭ്യാസ യോഗ്യതകൾ (വ്യക്തമാക്കുക)** | |
| | |

| | |
|---|---|
| **ഫോൺ നമ്പർ** | 1)<br>2) |
| **പ്രവൃത്തി പരിചയം** | |
| **MGLC-കളിൽ അധ്യാപന പരിചയം ഉണ്ടെങ്കിൽ/സാക്ഷരതാ പരിപാടികൾ അല്ലെങ്കിൽ സർവ്വേകളിൽ പങ്കെടുത്ത പരിചയമുണ്ടെങ്കിൽ രേഖപ്പെടുത്തുക** | *സർട്ടിഫിക്കറ്റ് പകർപ്പ് സമർപ്പിക്കുക* |
| **പട്ടികവർഗ്ഗ കുട്ടികൾപഠിക്കുന്ന സമീപത്തുള്ള സ്കൂളിലേക്ക് ഉന്നതിയിൽ നിന്നുള്ള ദൂരം (കി.മീ.),സ്കൂളിന്റെ പേര്** | |
| **അധിക യോഗ്യതകൾ (തനത് ഭാഷ, സംസ്കാരം, കലാരൂപങ്ങൾ എന്നിവയിലുള്ള പ്രാവീണ്യം വ്യക്തമാക്കുക)** | *സർട്ടിഫിക്കറ്റ് പകർപ്പ് സമർപ്പിക്കുക* |

## സത്യപ്രസ്താവന

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും സത്യവും ശരിയുമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു. ഈ നിയമനം തികച്ചും താൽക്കാലികമാണെന്നും, സ്ഥിര നിയമനത്തിനോ സർക്കാർ സർവീസിൽ തുടരുന്നതിനോ യാതൊരു അവകാശവും ഉന്നയിക്കില്ലെന്നും ഉറപ്പ് നൽകുന്നു .

സ്ഥലം :

തീയതി :

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്

**ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)**

☐ പ്രായം തെളിയിക്കുന്ന രേഖ (SSLC/ജനന സർട്ടിഫിക്കറ്റ്)

☐ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

☐ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ

☐ പ്രവൃത്തി പരിചയം, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ

☐ താമസം തെളിയിക്കുന്ന രേഖ (ആധാർ / റേഷൻ കാർഡ് / വോട്ടർ ഐഡി)

*(പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസറുടെയോ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെയോ ഓഫീസിൽ 23/06/2026 വൈകുന്നേരം 5.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്)*

‘ ഭരണഭാഷ മാതൃഭാഷ’

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

നമ്പർ:**STDD/1500/2026-C3** തീയതി :**18-06-2026**

## ANNEXURE A

### District-wise, Community-wise Mentor Teacher Vacancies

*Tribal Mentor Teachers, Primary classes (Std 1–4) |*

*Total posts: 326*

| Sl. No | District | Community | No. of posts |
|---|---|---|---|
| 1 | Wayanad | Paniyan | 167 |
| 2 | Wayanad | Adiyan | 18 |
| 3 | Wayanad | Uraly (Uraly Kurumar, Vetta Kurumar) | 2 |
| 4 | Wayanad | Kattunayakan | 28 |
| 5 | Wayanad | Kurumba | 1 |
| 6 | Wayanad | Kurichchan | 14 |
| 7 | Wayanad | Kurumans | 11 |
| | **Wayanad — total** | | **241** |
| 8 | Palakkad | Paniyan | 1 |
| 9 | Palakkad | Kattunayakan | 3 |
| 10 | Palakkad | Kadar | 4 |
| 11 | Palakkad | Kurumba | 5 |
| 12 | Palakkad | Irular | 20 |
| 13 | Palakkad | Muthuvan (Muduga) | 9 |
| 14 | Palakkad | Malasar | 7 |
| 15 | Palakkad | Eravallan | 6 |
| 16 | Palakkad | Malayan | 1 |
| | **Palakkad — total** | | **56** |
| | | | |

| | | | |
|---|---|---|---|
| 17 | Malappuram | Paniyan | 17 |
| 18 | Malappuram | Kattunayakan | 7 |
| 19 | Malappuram | Muthuvan | 5 |
| | **Malappuram — total** | | **29** |
| | **GRAND TOTAL** | | **326** |

**JOINT DIRECTOR**

‘ ഭരണഭാഷ മാതൃഭാഷ’

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

നമ്പർ:**STDD/1500/2026-C3** തീയതി :**18-06-2026**

**<u>മെന്റർ ടീച്ചറിന്റെ ചുമതലകൾ</u>**

ഗോത്രവർഗ വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുക, പഠനപ്രവർത്തന നിർവഹണത്തിൽ ഒന്നാം ക്ലാസ്സിലെ അധ്യാപികക്കൊപ്പം നിന്ന് ഗോത്രവർഗ വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റു വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുക, സഹഅധ്യാപകർക്ക് ഗോത്രവർഗ ഭാഷ, സാംസ്കാരം, ഗോത്രവർഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവ ഇവരുടെ പ്രവർത്തനമേഖലയിൽ വരുന്ന പ്രധാന ജോലിയായിരിക്കും. എന്നാൽ പ്രഥമാധ്യാപകരുടെയോ, സഹഅധ്യാപകരുടെയോ ക്ലാസിൽ പകരക്കാരനായി ഇവർ മാറാനോ ഇവരെ മാറ്റാനോ പാടില്ല. ഉന്നതി കേന്ദ്രീകരിച്ചുള്ള പരിഹാരബോധന പ്രവർത്തനങ്ങളും മെന്റർ-ടീച്ചറിന്റെ ചുമതലയിൽപ്പെടുന്നു.

**മെന്റർ- ടീച്ചറുടെ ഒരു ദിവസത്തെ പ്രവർത്തനങ്ങൾ**

മെന്റർ ടീച്ചറുടെ ഒരു ദിവസത്തെ ജോലി താഴെ പറയും വിധം ക്രമീകരിക്കാവുന്നതാണ്.

- രാവിലെ **9.30**-ന് വിദ്യാലയത്തിലെത്തേണ്ട ഗോത്രവർഗവിഭാഗത്തിലെ കുട്ടികളെ ഉന്നതികളിൽ നിന്നു കൂട്ടി വിദ്യാലയത്തിലെത്തിക്കുന്നു.
- **9.30-10.00** സ്കൂൾ റൗണ്ട്സ് മുൻ സൂചിപ്പിച്ച വിഭാഗങ്ങളിൽപ്പെട്ട എല്ലാ കുട്ടികളും വിദ്യാലയത്തിൽ ഹാജരായിട്ടുണ്ടോ എന്നു പരിശോധിക്കുന്നു. വരാതിരിക്കുന്നതിനു കാരണങ്ങൾ അന്വേഷിക്കുന്നു. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും മനസിലാക്കുന്നു. പ്രഥമാധ്യാപകൻ, സഹഅധ്യാപകൻ എന്നിവരുമായി ഈ വിഷയങ്ങൾ പങ്കിടുന്നു. വരാത്ത കുട്ടികളുമായി/കുട്ടികളുടെ രക്ഷിതാക്കളുമായി ഫോണിൽ ബന്ധപ്പെടുന്നു.
- **10.00-1.00** ഒന്നുമുതൽ നാലു വരെയുള്ള ക്ലാസിൽ അഡീഷണൽ ടീച്ചറായി ഇവർ പ്രവർത്തിക്കുന്നു. പഠന-ബോധന പ്രക്രിയകളിലെ പ്രധാന മേഖലകളിലെ ടാസ്കുകൾ കുട്ടികൾക്ക് വ്യക്തമാക്കി കൊടുക്കൽ, അവരുടെ വാചിക പ്രതികരണങ്ങളെ പുറത്തെടുക്കൽ, ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ആവശ്യമായ പിന്തുണ നൽകൽ, പാഠത്തിന്റെ സമാന്തര-സമാന പാഠങ്ങൾ ആവശ്യമെങ്കിൽ അവരുടെ ഭാഷയിൽ രൂപപ്പെടുത്തൽ, വായിച്ചുകൊടുക്കൽ എന്നിവ ഇവരുടെ ചുമതലയാണ്. പഠനപ്രവർത്തനത്തെ കുട്ടിയുടെ അനുഭവ പരിസരവുമായി ബന്ധപ്പെടുത്താനും ഇവർ ശ്രദ്ധിക്കേണ്ടതാണ്.
- **1.00-2.00** ഉച്ചഭക്ഷണത്തിനുള്ള ഇടവേളയിൽ കുട്ടികളുടെ ആരോഗ്യകരമായ

ഭക്ഷണ ശീലത്തിൽ പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്. കൈയും വായും വൃത്തിയാക്കൽ, ഭക്ഷണത്തിനുള്ള പാത്രങ്ങൾ കഴുകിയിട്ടുണ്ടെന്നു ഉറപ്പു വരുത്തൽ , ഭക്ഷണം പുറത്തു പോകാതെ ശ്രദ്ധയോടെ കഴിക്കൽ, ശുചിയായ അന്തരീക്ഷം ഇക്കാര്യത്തിൽ ഉറപ്പു വരുത്തൽ എന്നിവ ഇവരുടെ ചുമതലയിൽപ്പെടുന്നു. ഇതിനു പുറമെ മറ്റു കുട്ടികൾ ഇവരോട് എങ്ങനെ പെരുമാറുന്നു. ഇവരുടെ മറ്റു കുട്ടികളുമായുള്ള ഇടപെടലുകൾ എന്നിവ നിരീക്ഷിക്കുകയും സാമൂഹീകരണത്തിനുള്ള വഴിയൊരുക്കുകയും വേണം. ഈ മേഖലയിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ, പ്രയാസങ്ങൾ, പരിമിതികൾ എന്നിവ കണ്ടെത്തുകയും രേഖപ്പെടുത്തുകയും സഹാധ്യാപകരുമായി ആലോചിച്ച് ഇവ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും വേണം.

- **2.00-3.00** സ്കൂളിലെ സഹാധ്യാപികയുമൊന്നിച്ച് ഒന്നുമുതൽ നാലുവരെയുള്ള കുട്ടികളുടെ പഠനബോധന പ്രക്രിയയിൽ ആവശ്യമായ ഇടപെടലുകൾ നടത്തുക .
- **3.00-5. 00** ക്ലാസ് ബാലസഭയ്ക്കുള്ള ഒരുക്കങ്ങൾ- ക്ലാസ് ബാലസഭ ഒരോ ക്ലാസിലും ആഴ്ചയിൽ ഒരിക്കങ്ങൾ നടക്കേണ്ടതാണ്. മാസത്തിലൊരിക്കൽ പൊതു ബാലസഭയും ആകാം. ഓരോ ക്ലാസിലേയും ബാലസഭയ്ക്കുള്ള ആസൂത്രങ്ങൾ എല്ലാ കുട്ടികൾക്കും പങ്കാളിത്തം വരും വിധം ആസൂത്രണം ചെയ്യേണ്ടതാണ്. ഗോത്രകലാരൂപങ്ങൾ, പാട്ടുകൾ തുടങ്ങിയവ ഇത്തരത്തിൽ ആലോചിക്കപ്പെടേണ്ടതാണ്. സമസംഘങ്ങളുടെ രൂപീകരണം ഓരോ ക്ലാസിലും നടക്കണം. കളികൾ, രസകരമായ പ്രവർത്തനങ്ങൾ എന്നിവ ഇവരെ ഉൾപ്പെടുത്തി ആസൂത്രണം ചെയ്യണം.സ്കൂളിലെ വിവിധ കലാകായിക മത്സരങ്ങളിലും ,ക്വിസ് പ്രോഗ്രാമിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം .
- കുട്ടികൾക്ക് മാതൃഭാഷ, ഗണിതം, ഇംഗ്ലീഷ്ഭാഷ, എന്നിവയിൽ അടിസ്ഥാന പരമായ അറിവുകൾ പ്രാപ്തമാകുന്നതിന് വേണ്ട പരിശീലനങ്ങളും, സഹായങ്ങളും മെൻറ്റർ ടീച്ചർമാർ ചെയ്ത് നൽകേണ്ടതാണ്. കുട്ടികളുടെ പാഠപുസ്തകളും, നോട്ട് ബുക്കുകളും നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.
- പി റ്റി എ കൂടുന്ന ദിവസങ്ങളിൽ രക്ഷിതാക്കളെ പി.റ്റി.എ യിൽ എത്തിയ്ക്കാനുള്ള പ്രവർത്തനങ്ങൾ ,ആധാർ, ബാങ്ക് അക്കൗണ്ട് എന്നിവ ഇല്ലാത്ത കുട്ടികൾക്ക് വകുപ്പും സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും , വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സ്കൂളിലെ എല്ലാകുട്ടികൾക്കും ലഭ്യമാകുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. സ്കൂളിൽ വരാത്ത കുട്ടികളുടെ ഭവനങ്ങൾ/ഉന്നതികൾ സന്ദർശിക്കൽ, എന്നിവ അവധി ദിവസങ്ങളിൽ നടത്തേണ്ടതാണ്.

**JOINT DIRECTOR**